ഗവ.മെഡിക്കൽ കോളേജ്	ജെ.എച്ച്.ഐ. ഗ്രേഡ്-I	ജെ.എച്ച്.ഐ. ഗ്രേഡ്-II	ജെ.പി. എച്ച്.എൻ
തിരുവനന്തപുരം	1	----	---
കോട്ടയം	---	1	---
തൃശ്ശൂർ	---	1	----
കോഴിക്കോട്	1	---	1

ബി.എച്ച്.എം.എസ്. ഹൗസ് സർജന്മാർക്ക് സ്റ്റൈപ്പന്റ്

15(2483) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എച്ച്.എം.എസ്. ഹൗസ് സർജന്മാർക്ക് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന 12000 രൂപയുടെ സ്റ്റൈപ്പന്റ് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന വ്യക്തമാക്കുമോ;

(സി) എം.ബി.ബി.എസ്. ഹൗസ് സർജൻമാർക്ക് ലഭിക്കുന്ന 20000 രൂപ സ്റ്റൈപ്പന്റ് ഹോമിയോപ്പതി വിഭാഗത്തിലും ആയുർവേദ വിഭാഗത്തിലും കൂടി ഒരുപോലെയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഹൗസ് സർജന്മാരുടെ സ്റ്റൈപ്പന്റ് പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly